കവർസ്റ്റോറി

സി. ദാവൂദ്



# മഴവിൽ ലോകത്തെ ഇസ്‌ലാം


**‘ഇസ്‌ലാമിന്റെ** രാഷ്ട്രീയ പ്രതിനിധാനം ബഹുസ്വര സമൂഹത്തിൽ’ എന്ന തലക്കെട്ടിന് സഹജമായ ചില ബലഹീനതകൾ ഉണ്ടെന്നാണെനിക്ക് തോന്നുന്നത്. സന്ദർഭവശാൽ, ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ, ഒരു ബഹുസ്വര സമൂഹത്തിൽ നാം പെട്ടുപോയി. ഒരുപാട് ജാതികളും മതങ്ങളും വർണങ്ങളും നിറങ്ങളും നിറഭേദങ്ങളുമുള്ള ഒരു സമൂഹത്തിൽ പെട്ടുപോയ സ്ഥിതിക്ക് എങ്ങനെ ഇസ്‌ലാമിനെ ഇവിടെ പ്രതിനിധാനം ചെയ്യാം എന്ന ആശയം, അഥവാ ഒരു രക്ഷപ്പെടൽ സിദ്ധാന്തം എന്ന നിലക്കാണ് പലപ്പോഴും ബഹുസ്വര സമൂഹത്തിലെ ഇസ്‌ലാം എന്ന വിഷയം ചർച്ച ചെയ്യപ്പെടുന്നത്. ഈ തലക്കെട്ടും ഇങ്ങനെയൊരു കുഴപ്പംപിടിച്ച അവസ്ഥയിൽ നിന്നുള്ള രക്ഷപ്പെടലിനെക്കുറിച്ച ആലോചനയിൽനിന്നാണ് വരുന്നത്. ഈ വിഷയത്തിലെ പല ചർച്ചകളിലും ഇതുതന്നെയാണ് നടക്കുന്നത്. ഒരു അടവുതന്ത്രം എന്ന നിലക്ക് ഇസ്‌ലാമിനെ എങ്ങനെ ഇങ്ങനെയൊക്കെ പ്രതിനിധാനം ചെയ്തുകളയാം എന്ന വാദമാണ് ഇത്തരം ചർച്ചകളിലൊക്കെ മുഴച്ചു നിൽക്കുന്നത്.

**ക്രിസ്ത്യാനികളും ബഹുദൈവ വിശ്വാസികളും ജൂതന്മാരും മുസ്‌ലിംകളും ഉൾക്കൊള്ളുന്ന മദീനാ സമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഉമ്മത്ത് എന്ന വാക്ക് പ്രയോഗിക്കുന്നു. ഇസ്‌ലാം സ്ഥാപിച്ച ആദ്യത്തെ രാഷ്ട്രീയ പ്രതിനിധാനം തന്നെ അങ്ങേയറ്റം ബഹുസ്വരമാണ്. തുല്യ പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള ഒരു രാഷ്ട്രീയ പ്രയോഗമാണ് പ്രവാചകൻ കാണിച്ചു തന്നത്.**

എന്നാൽ സത്യത്തിൽ അങ്ങനെയല്ല; സന്ദർഭവശാൽ ഉണ്ടായിത്തീരുന്ന ഒരു ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കാനുള്ള ഉപായങ്ങൾ ആരായുകയല്ല, മറിച്ച് ചടുലവും സങ്കീർണവുമായ ബഹുസ്വര സമൂഹത്തെ നയിക്കുക എന്നതാണ് ചരിത്രത്തിൽ ഇസ്‌ലാം നിർവഹിച്ച പങ്ക് എന്ന് നാം മനസ്സിലാക്കണം. സമൂഹത്തെ ബഹുസ്വരമാക്കുകയും എന്നിട്ടതിന് ചലനാത്മകമായ നേതൃത്വം നൽകുകയും, പുതിയ കാലങ്ങളിലേക്കും പുതിയ ആശയങ്ങളിലേക്കും പുരോഗതിയിലേക്കും നയിക്കുകയും ചെയ്യുക എന്ന ധർമമാണ് യഥാർഥത്തിൽ ഇസ്‌ലാം നിർവഹിച്ചത്. പെട്ടുപോയ ബഹുസ്വര സമൂഹത്തിൽ സ്വീകരിക്കേണ്ട അടവുനയങ്ങളല്ല, മറിച്ച് ഈ ലോകത്തെത്തന്നെ കാണാനുള്ള കണ്ണാടിയെക്കുറിച്ചാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അഥവാ 'ഇസ്‌ലാം ബഹുസ്വര സമൂഹത്തിലെ പ്രതിനിധാനം' എന്ന ആശയം ചർച്ച ചെയ്യുമ്പോൾ സംസാരിക്കുന്നത്. യഥാർഥത്തിൽ തുടക്കം മുതലേ ഇസ്‌ലാം അങ്ങനെ ആയിരുന്നു. പ്രവാചകന്റെ നേതൃത്തിൽ രൂപംകൊണ്ട മദീനാ രാഷ്ട്രം മുസ്‌ലിംകൾ വളരെ ന്യൂനപക്ഷമായ ഒരു സമൂഹമായിരുന്നു. അവിടെ പ്രവാചകന്റെ അനുയായികൾ (മുസ്‌ലിംകൾ) അവിടെയുള്ള ബഹുദൈവ വിശ്വാസികളെക്കാളും ജൂതന്മാരെക്കാളും ക്രിസ്ത്യാനികളെക്കാളും കുറവായിരുന്നു. പക്ഷേ ന്യൂനപക്ഷമായ മുസ്‌ലിംകൾ (ഒരു യഥാർഥ ബഹുസ്വര സമൂഹത്തിൽ ഭൂരിപക്ഷം, ന്യൂനപക്ഷം എന്നീ പ്രയോഗങ്ങൾക്ക് തന്നെ പ്രസക്തിയുണ്ടോ എന്നത് വേറെ ചർച്ചയാണ്) അവർക്ക് നേതൃത്വം നൽകുകയും മദീനയിലെത്തിയ ഉടനെ ഇവരെയെല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ട് ഒരു രാഷ്ട്രീയ സങ്കൽപം രൂപപ്പെടുത്തിയെടുക്കുകയും എന്നിട്ട് അവരുമായി ചേർന്ന് ഒരു കരാറിലെത്തുകയും ചെയ്യുന്നു. ആ കരാറിൽ അവർ ഒന്നു ചേർന്ന് പ്രഖ്യാപിക്കുന്നത് നാം ഒരു 'ഉമ്മത്താ'ണ് എന്നാണ്. ഇസ്‌ലാമിക സാങ്കേതിക പദാവലിയിൽ 'ഉമ്മത്ത്' എന്ന പദത്തിന്റെ സ്ഥാനം നമുക്കറിയാം. ക്രിസ്ത്യാനികളും ബഹുദൈവ വിശ്വാസികളും ജൂതന്മാരും മുസ്‌ലിംകളും ഉൾക്കൊള്ളുന്ന മദീനാ സമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഉമ്മത്ത് എന്ന വാക്ക് പ്രയോഗിക്കുന്നു. ഇസ്‌ലാം സ്ഥാപിച്ച ആദ്യത്തെ രാഷ്ട്രീയ പ്രതിനിധാനം തന്നെ അങ്ങേയറ്റം ബഹുസ്വരമാണ്. തുല്യ പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള ഒരു രാഷ്ട്രീയ പ്രയോഗമാണ് പ്രവാചകൻ കാണിച്ചു തന്നത്.

**ലോകത്തിന്റെ അവസ്ഥ മാറിക്കഴിഞ്ഞിരിക്കുന്നു; ബ്ലാക്ക് ആന്റ് വൈറ്റ് അവസ്ഥ മാറിക്കഴിഞ്ഞിരിക്കുന്നു. ജനങ്ങൾ എല്ലായിടത്തും ജീവിക്കുകയും പല അടരുകളുള്ള, സ്വഭാവങ്ങളുള്ള, ശീലങ്ങളുള്ള, നിറങ്ങളുള്ള ജനസമൂഹങ്ങൾ പരസ്പരം എൻഗേജ് ചെയ്ത് ജീവിക്കുന്ന അവസ്ഥ രൂപപ്പെട്ടിരിക്കുന്നു. ജനാധിപത്യം ഒരു രാഷ്ട്രീയ വ്യവസ്ഥ എന്നതിലുപരി ഒരു ജീവിത സംസ്കാരം എന്ന വളർച്ചാ ഘട്ടത്തിലേക്ക് കടന്ന ഒരു കാലത്തെയാണ് നാം അഭിമുഖീകരിക്കുന്നത്.**

ഇസ്‌ലാമിന്റെ ചരിത്രം പരിശോധിച്ചാൽ ഈ പാറ്റേൺ തുടർന്നു വന്നതായി കാണാൻ സാധിക്കും. എന്നാൽ പിൽകാലത്തുണ്ടായ ഇസ്‌ലാമിന്റെ വികാസവും സംഘർഷങ്ങൾ മൂലമുണ്ടായ സമ്മർദങ്ങളും എല്ലാ ചേർന്ന് ഒരു പാട് ഘട്ടങ്ങളിലൂടെ ഒരുപാട് പ്രതിസന്ധികളിലൂടെ ഇസ്‌ലാമിക സമൂഹം കടന്നുപോയി. പേർഷ്യൻ-റോമൻ സാമ്രാജ്യത്വങ്ങളുമായുള്ള സംഘർഷം, ഗ്രീക്ക് തത്ത്വചിന്തയുടെ കടന്നു കയറ്റവുമായി ബന്ധപ്പെട്ട ആശയതലത്തിലുള്ള സംഘർഷം, മംഗോളികളുടെ ആക്രമണം, താർത്താരികളുടെ ആക്രമണം, കുരിശു യുദ്ധങ്ങൾ. ഇങ്ങനെ നിരവധി സംഘർഷ കാലങ്ങളിലൂടെ, പലപ്പോഴും ഇസ്‌ലാമിക നാഗരികത തന്നെ പ്രതിരോധത്തിലേക്ക് ഉൾവലിഞ്ഞ ഘട്ടങ്ങളിലൂടെ കടന്നു പോയി. ഈ സന്ദർഭങ്ങളിൽ ഇസ്‌ലാമിക സമൂഹത്തിന്റെയും ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെയും തനിമയും അനന്യതയും സംരക്ഷിക്കാനും ഉയർത്തിപ്പിടിക്കാനും അതത് കാലങ്ങളിൽ ഇസ്‌ലാമിക സമൂഹത്തിൽനിന്ന് പണ്ഡിതന്മാരും നേതാക്കളും ഉണ്ടായി. ആ സമയങ്ങളിലുണ്ടായിട്ടുള്ള ഇസ്‌ലാമിക നിയമാവലികൾക്ക് (ഫിഖ്ഹിന്) അതിന്റേതായ സ്വാധീനങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സമയത്താണ് 'ദാറുൽ ഇസ്‌ലാം', 'ദാറുൽ ഹർബ്' തുടങ്ങിയ പദാവലികൾ രൂപപ്പെട്ടു വരുന്നത്. ഇസ്‌ലാമിന്റെ ഭൂമി സമാധാനത്തിന്റെ ഭൂമി, മറ്റേത് യുദ്ധം പ്രഖ്യാപിച്ചിട്ടുള്ള ഭൂമി എന്ന വിഭജനം ഈ സന്ദർഭത്തിൽ ഇസ്‌ലാമിക ഫിഖ്ഹിനെ, അതിന്റെ അന്തർധാരയെ സ്വാധീനിച്ചിട്ടുണ്ട്. ഇബ്നുതൈമിയ്യയുടെ ഫിഖ്ഹ്, രാഷ്ട്രീയ ആദർശങ്ങൾ, ദാർശനിക അടിത്തറകൾ ഇവയെല്ലാം സംഘർഷ കാലത്ത് രൂപപ്പെട്ട ഒന്നായിരുന്നു. പിന്നെ വന്ന ആധുനിക 'കാലത്തെ' എടുത്തു നോക്കിയാൽ സയ്യിദ് മൗദൂദിയുടെയൊക്കെ ചിന്തകൾ ഉണ്ടായിരുന്നു. സെക്യുലർ മോഡേണിറ്റിയുടെ, ഒരുപക്ഷേ ഇസ്‌ലാമിക സമൂഹം കണ്ട ഏറ്റവും തീക്ഷ്ണമായ ആഘാതം നിറഞ്ഞ അധിനിവേശ കാലത്ത്, സെക്യുലർ മോഡേണിറ്റി ഇസ്‌ലാമിന്റെ മുഴുവൻ സ്വത്വപരവും ആദർശപരവുമായ തനിമകളെയും കുത്തിയൊലിപ്പിച്ച് മുന്നേറുന്ന ഒരു സന്ദർഭത്തിൽ ഇസ്‌ലാമിന്റെ ഇസ്‌ലാമികത ഉയർത്തിപ്പിടിച്ചുകൊണ്ടാണ് മൗദൂദിയെ പോലുള്ളവരുടെ രാഷ്ട്രീയ ചിന്തകൾ വികസിക്കുന്നത്. അതേ സന്ദർഭത്തിൽ തന്നെയുണ്ടായിട്ടുള്ള ഇറാൻ വിപ്ലവത്തിൽ അലീ ശരീഅത്തിയുടെ കാഴ്ചപ്പാടുകൾ, അദ്ദേഹത്തിന്റെ പ്രശസ്തമായ ആയീൻ- കായീൻ കോൺഫ്ളിക്റ്റ് തിയറി, ഹാബീലും ഖാബീലും തമ്മിലുള്ള സംഘട്ടനത്തെ സൈദ്ധാന്തികവത്കരിച്ചുകൊണ്ട് ലോകത്തിന്റെ ചരിത്രം തന്നെ ഹാബീലും ഖാബീലും തമ്മിലുള്ള സംഘർഷമാണ്, അല്ലെങ്കിൽ മർദിതനും മർദകനും തമ്മിലുള്ള സംഘർഷമാണ് എന്ന കാഴ്ചപ്പാട്, ഇറാൻ വിപ്ലവത്തിന്റെ ഒരു സവിശേഷ ഘട്ടത്തിൽ സ്വാഭാവികമായും അദ്ദേഹം ഉയർത്തിക്കൊണ്ടുവരേണ്ട തിയറി തന്നെയായിരുന്നു അത്. സെക്യുലർ മോഡേണിറ്റിയുടെ ഒരു ഘട്ടത്തിൽ മൗദൂദി ചെയ്തതും അതു തന്നെയാണ്.



▪ കാൾമാർക്സ്



▪ താരിഖ് റമദാൻ

പക്ഷേ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ നമുക്ക് ശ്രദ്ധിക്കാതെ തരമില്ല. നേരത്തെ സൂചിപ്പിച്ച ദാറുൽ ഇസ്‌ലാം, ദാറുൽ ഹർബ് എന്ന പ്രയോ

ഗത്തിന് തന്നെ സാധ്യതയില്ലാത്ത അവസ്ഥയിലേക്ക് ലോകം മാറി. വളരെ ലളിതമായ ഒരുദാഹരണം. പ്രവാചകന്റെ/ഖലീഫമാരുടെ കാലത്ത് പേർഷ്യൻ സാമ്രാജ്യത്വവുമായിട്ട്, അല്ലെങ്കിൽ റോമൻ സാമ്രാജ്യത്വവുമായിട്ട് ഇസ്‌ലാമിക സമൂഹം സംഘർഷത്തിലാണ്. അന്ന് മദീനയിലുള്ള ഒരു മുസ്‌ലിം പേർഷ്യയിൽ പോയി താമസിക്കുകയും സൈന്യത്തിൽ ചേരുകയും അവിടെ ഒരുദ്യോഗം സ്വീകരിക്കുകയും ഭരണനിർവഹണ രംഗത്ത് വരികയും ചെയ്യുക എന്നത് അസംഭവ്യമായിരുന്നു. അതു തന്നെയാണ് റോമിന്റെ കാര്യത്തിലും. പക്ഷേ, അന്ന് റോമിനെതിരെയും പേർഷ്യക്കെതിരെയും സ്വീകരിച്ച അതേ സമീപനങ്ങൾ (അന്നത്തെ അതേ ഫിഖ്ഹ്) ഇന്ന് പ്രയോഗിക്കുക അസാധ്യമാണ്. അന്നത്തേത് പോലെ ബ്ലാക്ക് ആന്റ് വൈറ്റ് സ്വഭാവത്തിൽ പേർഷ്യയും മദീനയും വേർതിരിഞ്ഞ് നിൽക്കുന്നത് പോലെ ഇന്ന് മർദിതനും മർദകനും, ഇസ്‌ലാമും അമേരിക്കയും, ഇസ്‌ലാമിന്റെ ശക്തികളും ജാഹിലിയ്യത്തിന്റെ ശക്തികളും വേർതിരിഞ്ഞ് നിൽക്കുന്ന ഒരു സാമൂഹിക അവസ്ഥയല്ല ഉള്ളത്. വളരെ ലളിതമായി പറഞ്ഞാൽ അമേരിക്കയിലുള്ള ഒരു ഇസ്‌ലാമിക പണ്ഡിതനോട് അമേരിക്കൻ സൈന്യത്തിൽ ചേർന്നോട്ടേ എന്ന് ഒരു മുസ്‌ലിം ചെറുപ്പക്കാരൻ ഫത്‌വ ചോദിച്ചാൽ ചേരാമെന്ന് അനുവാദം കൊടുക്കുക മാത്രമല്ല ചേരാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുക. അമേരിക്കയിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഒരു പക്ഷേ അവിടെയുള്ള സർക്കാർ സർവീസുകളിലേക്ക് എങ്ങനെ കയറിപ്പറ്റാം എന്നതിനെക്കുറിച്ച് അവിടെയുള്ള മുസ്‌ലിംകൾക്ക് ട്രെയിനിംഗ് നടത്തുന്നുണ്ടാകാം. മദ്ഹബിലെ ക്ലാസിക്കലായ ഫിഖ്ഹ് ഗ്രന്ഥങ്ങൾ നോക്കിയാൽ ഇങ്ങനെയൊരു അനുവാദം കിട്ടിക്കൊള്ളണമെന്നില്ല. അന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ നിന്നാണ് ആ ഫിഖ്ഹ് രൂപപ്പെടുന്നത്.

ലോകത്തിന്റെ അവസ്ഥ മാറിക്കഴിഞ്ഞിരിക്കുന്നു; ബ്ലാക്ക് ആന്റ് വൈറ്റ് അവസ്ഥ മാറിക്കഴിഞ്ഞിരിക്കുന്നു. ജനങ്ങൾ എല്ലായിടത്തും ജീവിക്കുകയും പല അടരുകളുള്ള, സ്വഭാവങ്ങളുള്ള, ശീലങ്ങളുള്ള, നിറങ്ങളുള്ള ജനസമൂഹങ്ങൾ പരസ്പരം എൻഗേജ് ചെയ്ത് ജീവിക്കുന്ന അവസ്ഥ രൂപപ്പെട്ടിരിക്കുന്നു. ജനാധിപത്യം ഒരു രാഷ്ട്രീയ വ്യവസ്ഥ എന്നതിലുപരി ഒരു ജീവിത സംസ്കാരം എന്ന വളർച്ചാ ഘട്ടത്തിലേക്ക് കടന്ന ഒരു കാലത്തെയാണ് നാം അഭിമുഖീകരിക്കുന്നത്.

ഇത്തരമൊരു സന്ദർഭത്തിൽ ഇസ്‌ലാം എങ്ങനെയാണ് എൻഗേജ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച ചർച്ചയാണ് ബഹുസ്വര സമൂഹത്തിലെ രാഷ്ട്രീയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് മുസ്‌ലിംകൾ ന്യൂനപക്ഷമായ സമൂഹത്തിൽ എങ്ങനെയെങ്കിലും നടപ്പിലാക്കിയെടുക്കേണ്ട ഒരു അടവ് സമീപനമല്ല. മറ്റൊരർഥത്തിൽ, ഇസ്‌ലാമിന് ഏറ്റവും സർഗാത്മകമായി എൻഗേജ് ചെയ്യാൻ പറ്റുന്ന സാഹചര്യമാണിത്. അതിനുമപ്പുറം ഇസ്‌ലാമിനാണ് ഈ സാഹചര്യത്തെ ഏറ്റവും സർഗാത്മകമായി അഭിമുഖീകരിക്കാൻ സാധിക്കുക. കാരണം അതിന്റെ ആദ്യ പാഠങ്ങൾ മദീനയിൽ നിന്നു തന്നെ രൂപപ്പെട്ടിരുന്നു.

ഈ പുതിയ ലോകത്ത് ഇസ്‌ലാമിനെ എങ്ങനെ അപ്ലൈ ചെയ്യണം എന്ന ആലോചനയെയാണ് ഈ തലക്കെട്ട് യഥാർഥത്തിൽ പ്രതിനിധീകരിക്കുന്നത്. ഇത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെയും പണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും ആലോചനകളിലേക്ക് അടുത്ത കാലത്തായി അതിശക്തമായി വന്നിട്ടുണ്ട്. മാത്രവുമല്ല, സെക്യുലർ മോഡേണിറ്റിയുടെ മലവെള്ളപ്പാച്ചിലിന്റെ കാലത്ത് ഇസ്‌ലാമിക ചിന്തയെയും രാഷ്ട്രീയ സ്വത്വത്തെയും ഉയർത്തിപ്പിടിച്ച പ്രസ്ഥാനങ്ങളും അതിന്റെ പിന്തുടർച്ചക്കാരുമാണ് ഇന്ന് ഈ ചിന്തയുടെയും കൊടിവാഹകരായി നിലനിൽക്കുന്നത്. സൈദ്ധാന്തിക രംഗത്ത് ഈ സ്വഭാവത്തിൽ ഇസ്‌ലാമിക ചിന്തകളെ, ഫിഖ്ഹിനെ എങ്ങനെ പുനർനിർണയിക്കാം എന്നതിനെക്കുറിച്ച അതിശക്തമായ ആലോചനകൾ ഇസ്‌ലാമിക ചിന്തകന്മാരുടെ ഇടയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മുസ്‌ലിംകൾക്ക് ജീവിക്കാൻ വേണ്ടിയുള്ള കുറെ നിയമാവലികൾ എന്നതിനപ്പുറം പുതിയ നാഗരികതക്കാവശ്യമായ പ്രചോദക കേന്ദ്രമായി, രീതിശാസ്ത്രമായി ഫിഖ്ഹിനെ മാറ്റിയെടുക്കണം എന്നതാണ് ഏറ്റവും പ്രസക്തമായ നമ്മുടെ സൈദ്ധാന്തിക ദൗത്യം. മുസ്‌ലിംകളുടെ ദൈനംദിന ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടിയുള്ള ഒരു സംവിധാനം എന്നതിനപ്പുറം പുതിയ ലോകത്തെ എങ്ങനെ നിർണയിക്കാം എന്നതാണ് ഫിഖ്ഹ് ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി.





▪ അലീ ശരീഅത്തി ▪ റജബ് ഉർദുഗാൻ

**മുസ്‌ലിംകൾക്ക് ജീവിക്കാൻ വേണ്ടിയുള്ള കുറെ നിയമാവലികൾ എന്നതിനപ്പുറം പുതിയ നാഗരികതക്കാവശ്യമായ പ്രചോദക കേന്ദ്രമായി, രീതിശാസ്ത്രമായി ഫിഖ്ഹിനെ മാറ്റിയെടുക്കണം എന്നതാണ് ഏറ്റവും പ്രസക്തമായ നമ്മുടെ സൈദ്ധാന്തിക ദൗത്യം. മുസ്‌ലിംകളുടെ ദൈനംദിന ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടിയുള്ള ഒരു സംവിധാനം എന്നതിനപ്പുറം പുതിയ ലോകത്തെ എങ്ങനെ നിർണയിക്കാം എന്നതാണ് ഫിഖ്ഹ് ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി.**

പുതിയ ലോകസാഹചര്യത്തെ മനസ്സിലാക്കിക്കൊണ്ട് രാഷ്ട്രീയമായ പുനരാലോചനകൾക്കും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സന്നദ്ധമായിക്കൊണ്ടിരിക്കുകയാണ്. പുതിയ ലോകസാഹചര്യത്തെ മനസ്സിലാക്കാനും ക്രിയാത്മകമായി അതിൽ എൻഗേജ് ചെയ്യാനുമുള്ള ശ്രമങ്ങൾ അവ നടത്തുന്നു. മതമൗലികവാദികളെന്നും തീവ്രവാദികളെന്നും മുദ്രയടിക്കപ്പെടുന്ന പ്രസ്ഥാനങ്ങൾ എത്രത്തോളം അക്കമഡേറ്റ് ചെയ്യാൻ പറ്റും, എല്ലാ മതങ്ങളെയും വിഭാഗങ്ങളെയും ഉൾക്കൊള്ളാൻ സാധിക്കും എന്നതിനെക്കുറിച്ചാണ് ആലോചനകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഫലസ്ത്വീനിലെ ഹമാസ് എന്ന പ്രസ്ഥാനം ഏറ്റവും ഭീകരമായി ചിത്രീകരിക്കപ്പെട്ട ഇസ്‌ലാമിക പ്രസ്ഥാനമാണ്. അവർ കഴിഞ്ഞ തവണ ആദ്യമായി തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തപ്പോൾ അവർ ഉന്നയിച്ച പ്രധാന ആവശ്യം ദേശീയ സർക്കാർ രൂപീകരിക്കാം എന്നതായിരുന്നു. മൃഗീയമായ ഭൂരിപക്ഷം കിട്ടി അധികാരത്തിലേറിയിട്ടും ദേശീയ സർക്കാർ രൂപീകരിക്കുന്നതിനെക്കുറിച്ചാണ് ആദ്യമായി അവർ സംസാരിച്ചത്. അവരുടെ മുഖ്യ എതിരാളിയായ സെ

ക്യുലർ ഇടതുപക്ഷത്തുള്ള ഫതഹിനെ പരാജയപ്പെടുത്തിയിട്ടും ഫതഹിനെക്കൂടി ഉൾപ്പെടുത്തിയുള്ള ദേശീയ സർക്കാർ എന്ന കാഴ്ചപ്പാട് അവർ മുന്നോട്ടു വെച്ചു. പക്ഷേ ഫതഹ് അതിന് സന്നദ്ധമായില്ല. പിന്നീട് ഹമാസ് സ്വന്തമായി മന്ത്രിസഭ രൂപീകരിക്കുമ്പോൾ ഫലസ്ത്വീനിൽ രണ്ട് ശതമാനം പോലും വരാത്ത ഗ്രീക്ക് ഓർത്തഡോക്സ് വിഭാഗത്തിന് വരെ മന്ത്രിസഭയിൽ പ്രാതിനിധ്യം നൽകാൻ തയാറായി. മുസ്‌ലിംകൾ ന്യൂനപക്ഷമായ സമൂഹത്തിൽ സ്വീകരിക്കേണ്ട അടവ് സമീപനം എന്നതിലപ്പുറം മുഴുവൻ നിറങ്ങളെയും ഉൾക്കൊള്ളാനുള്ള ഇസ്‌ലാമിന്റെ ശേഷിയെ എങ്ങനെ നമ്മുടെ കാലത്ത് ഏറ്റവും ശക്തമായി പ്രതിനിധീകരിക്കാം, ആവിഷ്കരിക്കാം എന്നാണ് അവിടെ ഹമാസ് ആലോചിച്ചത്.

വിവിധ മത ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സമൂഹം എന്ന അർഥത്തിലാണ് നാം ബഹുസ്വര സമൂഹം എന്ന പ്രയോഗത്തെ കാണുന്നത്. ജനസംഖ്യാപരമായ ഈ ഘടകത്തിനപ്പുറം സംഘർഷത്തെക്കാൾ സംവാദത്തിന് പ്രാമുഖ്യം ലഭിക്കുന്ന അന്തരീക്ഷം എന്നതാണ് ബഹുസ്വര സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണമാകേണ്ടത്. അപ്പോൾ നാം നേരത്തെ പരിചയിച്ചു പോന്ന ഒരു വിശകലന രീതിയുണ്ട്. മാർക്സ് മുതലായവർ പഠിപ്പിച്ച മുതലാളി വർഗം-തൊഴിലാളി വർഗം, ശരീഅത്തി പഠിപ്പിച്ച മർദിതർ-മർദകർ അല്ലെങ്കിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഒരു സമയത്ത് ഉയർത്തിയ ഇസ്‌ലാമും ജാഹിലിയത്തും തമ്മിലുള്ള സംഘട്ടനം തുടങ്ങിയ ദ്വന്ദ്വാത്മക വിശകലന മാതൃകകൾ പുതിയ കാലത്ത് എത്രത്തോളം പ്രസക്തമാണെന്ന ആലോചനകൾ നടക്കേണ്ടതുണ്ട്. നമുക്ക് പരിചിതമായ ദ്വന്ദ്വ മാതൃകകൾ ഇല്ലാതാവുന്നു എന്നതാണ് ബഹുസ്വര സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു സവിശേഷത.

സംഘർഷത്തിനും സംഘട്ടനത്തിനും പ്രാമുഖ്യം കൊടുത്തിട്ടുള്ള രാഷ്ട്രീയ അജണ്ടക്ക് പകരം സംവാദങ്ങൾക്കും സമവായങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന രാഷ്ട്രീയ ലൈൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വ്യാപകമായി സ്വീകരിച്ചതായി കാണാൻ സാധിക്കും. ഹമാസ് അതിന്റെ വളരെ ഹൃദ്യമായ ഉദാഹരണമാണ്; വിവിധ അറബ് നാടുകളിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ അതിന് ഉദാഹരണമാണ്. പക്ഷേ അതിന്റെ ഏറ്റവും സുന്ദരമായ ഉദാഹരണം എന്ന് പറയുന്നത് തുർക്കിയിലെ ഉർദുഗാന്റെ നേതൃത്വത്തിലുള്ള എ.കെ പാർട്ടിയായിരിക്കും. എല്ലാ സംഘർഷങ്ങളെയും സംവാദങ്ങൾ കൊണ്ട് പരാജയപ്പെടുത്താൻ എങ്ങനെ സാധിക്കും എന്നതിന്റെ പരീക്ഷണമാണ് അവിടെ നടന്നത്. നമുക്കറിയാം, സെക്യുലറിസ്റ്റുകൾ എത്രയൊക്കെ വീമ്പിളക്കിയാലും സെക്യുലർ ഭീകരവാദത്തിന്റെ ഉത്സവപ്പറമ്പാണ് തുർക്കി. സെക്യുലരിസത്തിന്റെ പേരിൽ ഒരു ഭാഷയെ, ഒരു ലിപിയെ, വസ്ത്രധാരണത്തെ, ആചാരങ്ങളെ എല്ലാം നിരോധിക്കാൻ, ബാങ്കുവിളി നിരോധിച്ച, ശിരോവസ്ത്രം നിരോധിച്ച, പൊതുവേദികളിൽ മതത്തെക്കുറിച്ച ഒരു പരാമർശവും പാടില്ല എന്ന് ഭരണഘടനാപരമായി വിധിച്ച രാജ്യമാണ് തുർക്കി. ആ തുർക്കിയിലാണ് ഒരു ഇസ്‌ലാമിക പ്രസ്ഥാനം എല്ലാ വിഭജനങ്ങളെയും മറന്നുകൊണ്ട് പുതിയ ബന്ധങ്ങൾക്ക് നേതൃത്വം നൽകുന്നത്. തുർക്കി ചരിത്രത്തിലെ കറുത്ത പാട് ആയാണ് അർമേനിയൻ കൂട്ടക്കൊല അറിയപ്പെടുന്നത്. തുർക്കിയെ സംബന്ധിച്ച് വൈകാരികമായ പ്രശ്നമാണ് അർമേനിയ. അർമേനിയൻ കൂട്ടക്കൊലയെക്കുറിച്ച് സംസാരിക്കുന്നതു പോലും ക്രിമിനൽ കുറ്റമായാണ് സെക്യുലർ തുർക്കി കണ്ടുപോന്നിരുന്നത്. എന്നാൽ അർമീനിയയുമായി പോലും അടുത്ത ബന്ധങ്ങൾ സൃഷ്ടിച്ചെടുക്കാനാണ് എ.കെ പാർട്ടി ഭരണകൂടം ശ്രമിക്കുന്നത്. ആദ്യമായി തുർക്കിയുടെ ഒരു പ്രസിഡന്റ് അർമീനിയ സന്ദർശിക്കുന്നു. അങ്ങനെ ഭൂതകാലത്തിന്റെ സംഘർഷങ്ങൾ വരെ സംവാദം കൊണ്ട് മായ്ച് കളയാനുള്ള ശ്രമമാണ് നടക്കുന്നത്.

നേരത്തെ സൂചിപ്പിച്ച ബ്ലാക്ക് ആന്റ് വൈറ്റ് സംഘർഷങ്ങൾക്കപ്പുറം മാർക്സും അലീ ശരീഅത്തിയുമൊക്കെ വിഭാവനം ചെയ്ത തരത്തിലുള്ള, ഒന്ന് മറ്റൊന്നിനെതിരെ എന്ന് പറയുന്ന ഒരുതരം എതിരിടൽ സിദ്ധാന്തത്തിന് പകരം സംവാദത്തിന്റെയും ജനാധിപത്യത്തിന്റെയും പുതിയ രാഷ്ട്രീയ മാതൃകകൾ സൃഷ്ടിക്കുക എന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ചിന്തകരും നിർവ്വഹിച്ച് കൊണ്ടിരിക്കുന്നത്. ഈ ആശയം ഫുഖഹാക്കളും ചിന്തകന്മാരും ഗവേഷണം നടത്തി മാത്രം രൂപപ്പെടുത്തിയ ഒന്നാണ് എന്നു നാം കരുതരുത്. മറിച്ച് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ദൈനംദിനാനുഭവങ്ങളിലൂടെയും രാഷ്ട്രീയാനുഭവങ്ങളിലൂടെയും പ്രയോഗികമായി വികസിച്ചു വന്ന ഒന്നായാണ് നാം മനസ്സിലാക്കേണ്ടത്. ഈ പ്രായോഗിക അനുഭവങ്ങളെ ചിന്തകർ സൈദ്ധാന്തികമായി പുഷ്ടിപ്പെടുത്തുകയും ചിന്തകളെ പ്രസ്ഥാനങ്ങൾ പ്രായോഗികവൽക്കരിക്കുകയും ചെയ്യുന്ന പരസ്പര ബന്ധിതമായ ഒരു പ്രക്രിയയാണ് ഇവിടെ നടക്കുന്നത്.

ഒരു വശത്ത് താരിഖ് റമദാൻ, യൂസുഫുൽ ഖറദാവി, ഫൈസൽ മൗലവി, റാശിദുൽ ഗനൂശി തുടങ്ങിയ ചിന്തകന്മാരുടെയും പണ്ഡിതന്മാരുടെയും ആലോചനകളും ചിന്തകളും പുറത്തു വരികയും അതേ സമയം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പുതിയ അനുഭവങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും കടന്നുപോവുകയും ചെയ്യുന്ന സവിശേഷമായ രാഷ്ട്രീയ സാഹചര്യമാണ് നിലവിലുള്ളത്. അങ്ങേയറ്റം സർഗാത്മകതയോടെ ഇതിനോട് പ്രതികരിക്കാൻ കഴിയുന്നുവെന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ മനോഹരമാക്കുന്നത്. എന്നാൽ ഇങ്ങനെയൊക്കെയുള്ള പരീക്ഷണങ്ങളും ആലോചനകളും ഒന്നും നടക്കുന്നതായി പോലും പരിഗണിക്കാത്ത നമ്മുടെ നാട്ടിലെ മാധ്യമങ്ങളുടെയും എഴുത്തുകാരുടെയുമൊക്കെ അവസ്ഥ ദുഃഖകരം തന്നെയാണ്. ഇങ്ങനെയൊരു ചിന്ത നടക്കുന്നുണ്ട്, സംവാദം നടക്കുന്നുണ്ട് എന്നൊന്നുമറിയാതെ ഇസ്‌ലാം, ഇസ്‌ലാമിക രാഷ്ട്രീയം എന്നൊക്കെ പറയുമ്പോഴേക്ക് ദാവൂദ് ഇബ്‌റാഹീം, ബിൻ ലാദിൻ തുടങ്ങിയ പ്രതീകങ്ങൾ ഉയർത്തി എല്ലാ സംവാദങ്ങളെയും ആലോചനകളെയും നിരോധിക്കുന്ന പ്രവണതയാണ് നമ്മുടെ സാംസ്കാരിക രംഗത്തുള്ളത്.

ഇത്തരം ആലോചനകൾക്ക് ഒരുതരം അപ്രഖ്യാപിത നിരോധനാവസ്ഥ നമ്മുടെ സാംസ്കാരിക, മാധ്യമ രംഗത്ത് നിലവിലുണ്ട്. ഇസ്‌ലാമിന്റെ രാഷ്ട്രീയ ലോകവും ചിന്തയും ഇവരുടെ വാർപ്പു മാതൃകകൾക്കപ്പുറം ബഹുസ്വരവും ചലനാത്മകവും ചടുലവുമാണ് എന്ന ഒരു വിവരം നമ്മുടെ നാട്ടിലെ എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും അറിഞ്ഞാൽ അത് നല്ല കാര്യമായിരിക്കുമെന്ന് തോന്നുന്നു. ■

*(മെയ് ആറ് മുതൽ പത്തു വരെ കോഴിക്കോട് നടന്ന ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പുസ്തകമേളയിൽ 'ഇസ്‌ലാമിന്റെ രാഷ്ട്രീയ പ്രതിനിധാനം ബഹുസ്വര സമൂഹത്തിൽ' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ നടത്തിയ പ്രഭാഷണം)*

തയാറാക്കിയത്: **ഉബൈദുർറഹ്മാൻ**